# മഞ്ഞളും, ഇഞ്ചിയും വീണ്ടും നമുക്ക് നഷ്ടമാകുന്നു.

അഡ്വ.ആർ.സജ്ജു.

മഞ്ഞളിൽ അടങ്ങിയിട്ടുള്ള മുറിവ് ഉണക്കാൻ കഴിയുന്ന ഘടകത്തിന് അമേരിക്ക ബൗദ്ധിക അവകാശം നേടിയിരുന്നു. ചെലവേറിയ നിയമയുദ്ധത്തിലൂടെ അമേരിക്ക കരസ്ഥമാക്കിയ ബൗദ്ധിക അവകാശം ഇന്ത്യ തിരികെപിടിച്ചു. ഇപ്പോൾ ബ്രിട്ടണിലെ ലെയിസ്സ്റ്റർ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ആൻഡിഗസ്സറും, വിൽസ്റ്റേവറും മഞ്ഞളിനുമേൽ പുതിയ ബൗദ്ധിക അവകാശവുമായി രംഗത്തെത്തിയിരിക്കുന്നു. മഞ്ഞളിൽ ഉള്ള കുർക്കുമിൻ എന്ന ഘടകത്തിന് ക്യാൻസറിനെ പ്രതിരോധിക്കാൻ കഴിയുമെന്നാണ് അവരുടെ കണ്ടെത്തൽ. ക്യാൻസർ ചികിത്സക്ക് ഗുളികകളായും, പ്രതിരോധിക്കാൻ കറി പൗഡറായും മഞ്ഞളിനെ ഉപയോഗിക്കുവാൻ കഴിയുമത്രേ!




നിയന്ത്രണാതീതമായ കോശവിഭജനത്തെ നേരിടാൻ മഞ്ഞളിന് കഴിയും; അതുകൊണ്ട് മാംസം തുടങ്ങി ക്യാൻസർ ഉണ്ടാകാൻ സാധ്യതയുള്ള ഭക്ഷ്യവിഭവത്തിൽ മഞ്ഞൾ ചേർത്താൽ ക്യാൻസറിനുള്ള സാധ്യത ഒഴിവാക്കാനാവും എന്ന് പുതുതായി അവർ കണ്ടെത്തിയിലി ക്കുന്നു.

നൂറ്റാണ്ടുകളായി ഇന്ത്യയിൽ ക്യാൻസർ ചികിത്സക്ക് മഞ്ഞൾ ഉപയോഗിച്ചുവരുന്നു. ഇറച്ചിയിലും, മീനിലും മഞ്ഞൾ അരച്ചു ചേർക്കുന്ന നാട്ടിൽ പുറത്തുള്ള ഏത് വീട്ടമ്മയോടും മഞ്ഞളിന്റെ ആവശ്യം എന്ത് എന്ന് ചോദിച്ചാൽ ഉടൻ ഉത്തരം കിട്ടും, "വിഷം കളഞ്ഞ് ശുദ്ധമാക്കാൻ" നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ നാട്ടറിവാണ് ബ്രിട്ടൻ ഒരു ഗവേഷണ പ്രബന്ധത്തിലൂടെ സ്വന്തമാക്കിയത്.

വയറ്റിൽ എന്ത് അസുഖമുണ്ടായാലും ആദ്യം പരീക്ഷിക്കുന്നത് ഇഞ്ചിയാണ്. ഇഞ്ചിയില്ലാത്ത ഒരു സദ്യ കേരളത്തിൽ ഉണ്ടാകുകയില്ല. ദഹനത്തിന് പരക്കെ അംഗീകരിക്കപ്പെട്ട ഒറ്റമൂലിയാണ് ഇഞ്ചി. മിചിഗൺ യൂണിവേഴ്സിറ്റിയിലെ ഗാസ്ട്രോ എൻട്രോളജിസ്റ്റ് ഡോ. വ്യുമീസാൺ ദഹനത്തിനും, മലം പോകുന്നതിനും ഇഞ്ചി ഉപയോഗിച്ചുകൊണ്ടുള്ള ഒരു പൊടി കണ്ടുപിടിച്ചിരിക്കുന്നു. പഴയകാലത്ത് ചൈനയിൽ മലം ഭംഗിയായി പോകാൻ ഇഞ്ചി ഉപയോഗിച്ചിരുന്നു എന്ന് അദ്ദേഹം സമ്മതിക്കുന്നു. ഇന്ത്യയിൽ ഇഞ്ചിയുള്ള കാര്യം വ്യുമസിന് അറിയില്ലായിരിക്കാം.

കേരളത്തിലെ ഇഞ്ചി കർഷകൻ ഇഞ്ചിവിറ്റ് അമേരിക്കയിൽ നിന്നും ആകർഷകമായി പാക്കറ്റിൽ വരുന്ന ഇഞ്ചി പൊടി വാങ്ങി തിന്ന് വയറു വേദനമാറ്റി ആത്മസംതൃപ്തി നേടുന്ന കാലം വിദൂരമല്ല ◆